കളിൽനിന്നു നേത്രരോഗം സംബന്ധിച്ച വിവരങ്ങൾ ഈ വർഷത്തിന്റെ മധ്യത്തോടെ ലഭിക്കുമെന്നും ഈ വിവരങ്ങൾ അപഗ്രഥിച്ചു പഠിക്കുന്നതിലൂടെ പ്രശ്നത്തിന്റെ ഗൗരവം കൂടുതൽ മനസ്സിലാക്കാൻ കഴിയുമെന്നും ദില്ലിയിലുള്ള അഖിലേന്ത്യാ മെഡിക്കൽ സയൻസസ് ഇൻസ്റ്റിററ്യൂട്ടിലെ ഡോക്ടർ രാജേന്ദ്രപ്രസാദ് നേത്രരോഗ ചികിത്സാകേന്ദ്രത്തിന്റെ തലവൻ പ്രൊഫസർ മദൻമോഹൻ ഈയിടെ പ്രസ്താവിക്കുകയുണ്ടായി.

(21 ഫെബ്രുവരി, 1988)

# 97. സുമൈത്രി

പരീക്ഷയിൽ തോൽവി, ഉദ്യോഗനഷ്ടം, പ്രണയനൈരാശ്യം, കുടുംബകലഹം, മാനഹാനി, വിശ്വസിച്ചവരുടെ ചതി, സാമ്പത്തികപരാജയം, രോഗബാധ തുടങ്ങിയ കാരണങ്ങളാൽ ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ ആത്മഹത്യയെപ്പററി ചിന്തിക്കാത്തവർ ഇന്നത്തെ ലോകത്തിൽ കുറവായിരിക്കും. മിക്ക ആളുകളിലും ആത്മഹത്യാചിന്ത ഇടയ്ക്കൊന്നു മിന്നിമറയുകയേ ചെയ്യാറുള്ളു. പക്ഷേ, ചിലർ ആവർത്തിച്ചാവർത്തിച്ച് ഈ ചിന്തയ്ക്കു വിധേയരാവുന്നു. തങ്ങളുടെ പരാതികൾ ക്ഷമയോടെ കേൾക്കാനും ഉചിതമായ ഉപദേശം അതാതു് അവസരത്തിൽ നൽകാനും വിശ്വാസ്യരായ വ്യക്തികൾ അടുത്തില്ലെങ്കിൽ ആത്മഹത്യയെപ്പററിയുള്ള ഇവരുടെ ചിന്ത ഒരുതരം ബാധയായി വളരാനും ഒടുവിൽ പ്രവൃത്തിയിൽ പര്യവസാനിക്കാനും ധാരാളം സാധ്യതകളുണ്ടു്.

കടുത്ത ഏകാന്തതാബോധമാണു് ആധുനിക നഗരജീവിതത്തിന്റെ ഒരു ശാപം. ആൾത്തിരക്കു വർദ്ധിക്കുന്ന തോതിനു് ഏകാന്തതാബോധവും ഏറിവരുന്നു. അയൽവീടുകളിലെ പാർപ്പുകാർ കൂടെക്കൂടെ മാറിക്കൊണ്ടിരിക്കുന്നു. അവരോടു് അടുപ്പംപോയിട്ടു പരിചയംപോലും കഷ്ടിയാണു്. പരിചയപ്പെട്ടാൽത്തന്നെ വെറുതെയിരുന്നു് അതുമിതും സംസാരിക്കാനും അങ്ങനെ ഹൃദയങ്ങൾ പരസ്പരം കൈമാറാനും ആർക്കുണ്ടു സമയം? . കൂട്ടുകുടുംബം തകർന്നു് 'അണുകുടുംബ'ങ്ങൾ നിലവിൽ വന്നിരിക്കുന്നു. ഭർത്താവും ഭാര്യയും ഒരു കുട്ടിയും മാത്രമുള്ള 'അണുകുടുംബ'ത്തിനുള്ളിൽ ഉടലെടുക്കുന്ന ചില്ലറ അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞൊതുക്കപ്പെടാതെ പരിഹാരമില്ലാത്ത കലഹങ്ങളായിവളരുന്നു. ചുററുപാടുകളുടെ സമ്മർദത്തിൽനിന്നു് ആത്മഹത്യയെന്ന എളുപ്പവഴിയിലൂടെ മോചനംനേടാൻ ഒരുങ്ങിയവരെ ഉപദേശിച്ചു ജീവിതത്തിന്റെ മാർഗത്തിലേക്കു തിരിച്ചുവിടാനായി ഏതാണ്ടു മുപ്പതുവർഷം മുമ്പു് ബ്രിട്ടനിൽ രൂപംകൊണ്ട ഒരു സംഘടനയാണു് 'ബി ഫ്രെൻഡേഴ്സ് ഇൻറർനാഷണൽ'. ഈ സംഘടനയുടെ ഒരു ശാഖയായ 'സുമൈത്രി' 1988 സെപ്തംബർ 15-ാം തീയതി ദില്ലിയിൽ പ്രവർത്തനമാരംഭിക്കുകയുണ്ടായി. (സുമൈത്രി, എൻ. ഡി. എം. സി. കോംപ്ലക്സ്, ബാബർ റോഡ്, ബംഗാളി മാർക്കററിനു സമീപം, ന്യൂഡൽഹി, ടെലിഫോൺ: 382931.)

നൈരാശ്യത്തിൽ ആണ്ടുമുങ്ങി ആത്മഹത്യചെയ്യാനുറച്ച ദില്ലിക്കാർക്കു് എല്ലാ ദിവസവും വൈകുന്നേരം നാലുമണിമുതൽ എട്ടുമണിവരെ ഈ സംഘടനയെ ഫോണിലൂടെ സമീപിക്കാം. പേരും മററു വിവരങ്ങളും വെളിപ്പെടുത്താതെ തങ്ങളുടെ പ്രശ്നങ്ങളെപ്പററി മാത്രം അവർ സംസാരിച്ചാൽ മതി. മനഃശാസ്ത്രജ്ഞർ, ഡോക്ടർമാർ, വക്കീൽമാർ, വ്യവസായികൾ, വിദ്യാർത്ഥികൾ, കുടുംബിനികൾ തുടങ്ങിയവരടങ്ങുന്ന ഇരുപത്തഞ്ചോളം സ്വയംസേവകർ അവർക്കു് ആശ്വാസമരുളാനായി ഫോണിന്റെ മറേറ തലയ്ക്കൽ തയ്യാറായിരിക്കുന്നുണ്ടാവും. വിദഗ്ധ പരിശീലനം ലഭിച്ചവരാണു് ഈ സ്വയംസേവകർ. ടെലിഫോ

ണിലൂടെ തങ്ങളെ സമീപിക്കുന്നവർക്ക് ആവശ്യമായ സഹായം ഇവർ ഉടൻ ചെയ്തുകൊടുക്കുന്നു. ആസ്പത്രിയിലാക്കേണ്ടവരെ അങ്ങനെചെയ്യുന്നു; ഡോക്ടർമാരുടെ സേവനം വേണ്ടവരുടെ അടുത്തേക്കു ഡോക്ടർമാരെ അയയ്ക്കുന്നു; അഗ്നിശമനയന്ത്രത്തിന്റെ ആവശ്യമാണുള്ളതെങ്കിൽ അതിന് ഏർപ്പാടുചെയ്യുന്നു. ഇരുപതു മുതൽ നാല്പത്താറുവരെ വയസ്സുള്ള ഈ സ്വയംസേവകർക്കു പരിശീലനം നല്കിയതു് 'ബി ഫ്രെൻഡേഴ്സ് ഇൻറർനാഷണലി'ന്റെ ബ്രിട്ടനിലും സിംഗപ്പൂരിലുമുള്ള മൂന്നു പ്രവർത്തകരാണ്. അടിയന്തിര ഘട്ടങ്ങളിൽ സ്വമേധയാ സേവനമനുഷ്ഠിക്കാൻ സന്നദ്ധരായ ഡോക്ടർമാർ, വക്കീൽമാർ, മനോരോഗചികിത്സകർ, മനഃശാസ്ത്രജ്ഞർ മുതലായവരുടെ വിവരങ്ങൾ 'സുമൈത്രി'യിൽ ശേഖരിച്ചുവെച്ചിട്ടുണ്ട്. ഇംഗ്ലീഷിലും ഹിന്ദിയിലും നല്ലപോലെ സംസാരിക്കാൻ കഴിവ് 'സുമൈത്രി'യിലെ സ്വയംസേവകർക്കുണ്ട്. ആത്മഹത്യാ പ്രവണതയുള്ളവരെ തിരിച്ചറിയാൻ ഇവർക്കു പ്രത്യേക പരിശീലനം നൽകപ്പെട്ടിരിക്കുന്നു.

'സുമൈത്രി'യുടെ ലക്ഷ്യങ്ങളോട് ഏറെക്കുറെ സമാനങ്ങളായ ലക്ഷ്യങ്ങൾ മുൻനിർത്തി 'സഞ്ജീവനി' എന്ന ഒരു സ്വയംസേവക സ്ഥാപനം 1976 മുതൽ ദില്ലിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഗാന്ധിപീസ് ഫൗണ്ടേഷന്റെ സഹായത്തോടെ ആരംഭിച്ച ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഞാൻ 1983-ൽ എഴുതിയിരുന്നു (അന്വേഷണങ്ങൾ കണ്ടെത്തലുകൾ, പേജ് 359–362). 'സഞ്ജീവനി'യുടെ പ്രവർത്തകർതന്നെയാണ് ഇപ്പോൾ 'സുമൈത്രി'യുടെ സ്ഥാപനത്തിനും മുൻകൈയെടുത്തിട്ടുള്ളതു്. ഏകാന്തതാബോധംകൊണ്ടു വിഷമിക്കുന്നവരുടെ പരാതികൾ കേൾക്കുകയും ഉചിതമായ ഉപദേശവും ധാർമികപിന്തുണയും അവർക്കു നൽകുകയുമാണ് 'സഞ്ജീവനി'യുടെ മുഖ്യ ഉദ്ദേശ്യം. 'സുമൈത്രി' പ്രധാനമായും ആത്മഹത്യാവാസനയുള്ളവരെ ഉദ്ദേശിച്ചുള്ളതാണ്. തക്കസമയത്തു് ഇടപെട്ടാൽ പല ആത്മഹത്യകളും ഒഴിവാക്കാമെന്ന് അനുഭവത്തിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്.

'സുമൈത്രി'ക്ക് ബാംഗളൂർ, മദ്രാസ്, ബോംബെ, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ ശാഖകളുള്ളതായി കാണുന്നു. ഇതു ശരിയെങ്കിൽ ഈ ശാഖകളുടെ പ്രവർത്തനത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കേണ്ടതുണ്ട്. ഇന്ത്യയുടെ രാഷ്ട്രീയതലസ്ഥാനം ദില്ലിയാണെങ്കിലും ആത്മഹത്യാതലസ്ഥാനം ബാംഗളൂരാണെന്നും ആണ്ടുതോറും ആയിരത്തിലേറെ ആത്മഹത്യകൾ അവിടെ റിപ്പോർട്ട്ചെയ്യപ്പെടുന്നുണ്ടെന്നും രണ്ടു വർഷംമുമ്പു പ്രസ്താവിക്കപ്പെട്ടിരുന്നു. കേരളത്തിലെ ആത്മഹത്യയുടെ നിരക്ക് ഇന്ത്യയിലെ ശരാശരി നിരക്കിനേക്കാൾ എത്രയോ ഉയർന്നതാണെന്നാണ് എന്റെ ധാരണ. ആത്മഹത്യയിലേക്കു നയിക്കുന്ന മനോരോഗങ്ങളുടെ കാര്യത്തിലും കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. മറ്റു സംസ്ഥാനങ്ങളിൽ ഗ്രാമങ്ങളിൽ ആത്മഹത്യ കുറവാണ്; കേരളത്തിൽ ആത്മഹത്യയുടെ കാര്യത്തിൽ ഗ്രാമ–നഗര വ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. ഇക്കാരണങ്ങളാൽ 'സുമൈത്രി'പോലുള്ള സ്ഥാപനങ്ങൾക്ക് കേരളത്തിൽ ധാരാളം പ്രസക്തിയുണ്ട്. ദിവസേന കുറച്ചുസമയം സമൂഹ സേവനത്തിനുവേണ്ടി നീക്കിവെക്കാൻ തയ്യാറുള്ളവർക്ക് ഇതൊരു നല്ല പ്രവർത്തനവേദിയാണ്.

(23 സെപ്റ്റംബർ, 1988)